LIBRARY ARCHIVES Kerala Legislative Assembly

വയനാട് കളക്ടറേറ്റ് ഉപരോധം നടത്തിയവർക്കെതിരെയുള്ള കേസ്

198 (202) ശ്രീ. എം. എ. ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വയനാട് ജില്ലയ്ക്ക് രക്ഷാ പദ്ധതി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് 11-5-2015-ൽ വയനാട് കളക്ടറേറ്റ് ഉപരോധം നടത്തിയ സി.പി.ഐ.(എം) പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായോ ; എങ്കിൽ എത്ര പേരെ ; ഏത് സമയത്ത് ഇവർക്കെതിരെ ഏതെല്ലാം കുറ്റങ്ങൾക്ക് കേസെടുത്തു ;

(ബി) അറസ്റ്റ് ചെയ്യപ്പെട്ട എത്രപേരെ കോടതിയിൽ ഹാജരാക്കുകയുണ്ടായി ; അതിൽ എത്ര സ്ത്രീകൾ ഉണ്ടായിരുന്നു ; അതിൽ എത്രപേർ റിമാൻഡ് ചെയ്യപ്പെട്ടു ; ഏത് കോടതിയിൽ എത്ര പേരെ ഏത് സമയത്താണ് ഹാജരാക്കിയിരുന്നത് ;

(സി) അറസ്റ്റ് ചെയ്യപ്പെട്ടവരെ കോടതിയിൽ ഹാജരാക്കുന്നതിനിടയിൽ ഭക്ഷണവും വെള്ളവും നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഡി) റിമാന്റ് ചെയ്യപ്പെട്ട സ്ത്രീകളെ ജയിലിൽ എത്തിച്ചത് ഏത് സമയത്തായിരുന്നു ; ഇതിനിടയിൽ സ്ത്രീകൾക്ക് വെള്ളവും ഭക്ഷണവും നൽകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് കൽപ്പറ്റ പോലീസ് സ്റ്റേഷൻ Cr.No.412/15 u/s 143, 147, 283 r/w 149 IPC കേസ് രജിസ്റ്റർ ചെയ്ത് 607 പേരെ 13.00 മണി മുതൽ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) അറസ്റ്റ് ചെയ്യപ്പെട്ട 607 പേരിൽ 80 സ്ത്രീകളെ 11-5-2015 തീയതി 17.00 മണിക്കും ബാക്കി 527 പ്രതികളെ 12-5-2015 തീയതി 12.00 മണിക്കും കൽപ്പറ്റ സി.ജെ.എം. കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്.

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും നൽകിയിട്ടുണ്ട്.

(ഡി) റിമാൻഡ് ചെയ്യപ്പെട്ട സ്ത്രീകളെ 12-5-2015-ാം തീയതി 14.30 മണിക്ക് ജയിലിൽ എത്തിച്ചു. ഇവർക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും നൽകിയിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ നവീകരണം

199 (203) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയുള്ള ഓരോ വർഷവും സംസ്ഥാനത്ത് പോലീസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും നടത്തിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ?